# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1343 — 03.12.15 ൽ - മറുപടിക്ക്

## പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, എ.റ്റി. ജോർജ്<br>,, ടി.എൻ. പ്രതാപൻ<br>,, സണ്ണി ജോസഫ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ; | (എ) & (ബി) | ഉണ്ട്. പദ്ധതിയുടെ നടപ്പാക്കൽ ചുവടെ പറയുന്ന നാല് ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | | 1. റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ റേഷൻകട വരെയുളള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് റേഷൻകടകളിൽ എത്തിക്കുന്നതിനുളള സംവിധാനം ഒരുക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുളള സംവിധാനം ഒരുക്കുക.<br>4. ഉപഭോക്താക്കൾക്കായി സുതാര്യത പോർട്ടലും സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുക.<br><br>പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനും ഈ മേഖലയിലെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും പൂർണ്ണമായും തടയാനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നു. റേഷൻ കടകളിൽ സ്ഥാപിക്കുന്ന ഇ-പോസ് മെഷീനിലൂടെ റേഷൻ ഉപഭോക്താക്കളെ ബയോമെട്രിക് പരിശോധന നടത്തി ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്ക |

പ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി നൽകുന്നതിന് സാധിക്കുന്നതാണ്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ?

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **State Apex Committee,** വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ **SPeMT (State Project e-Mission Team)** രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യവകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി മിഷൻ, **SeMT,** എൻ.ഐ.സി., **WFP** തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശുപാർശ നൽകുന്നത് **SPeMT** യാണ്. **SPeMT** യ്ക്ക് സാങ്കേതിക വിഷയങ്ങളിൽ ശുപാർശ നൽകുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ **Technical Committee** രൂപീകരിച്ചിട്ടുണ്ട്. വിവിധ സാങ്കേതിക വിഷയങ്ങളിലുള്ള ശുപാർശകൾ ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്ത് **SPeMT** യ്ക്ക് സമർപ്പിക്കുന്നു. **NICSI** മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും **(PIU)** ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് **Postgre SQL** ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാം **(WFP)** യുടെ സാങ്കേതിക സഹായം പ്രോജക്ടിന് ലഭ്യമാണ്. കൂടാതെ 03.10.15 -ലെ സ.ഉ(കൈ)നം. 25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്.

Thulasi

*സെക്ഷൻ ഓഫീസർ*